# India strongly condemns the barbaric terrorist attacks in Afghanistan

May 12, 2020

---

## അഫ്ഘാനിസ്ഥാനെതിരെയുള്ള ക്രൂരമായ തീവ്രവാദ ആക്രമണത്തിൽ ഇന്ത്യ ശക്തമായി അപലപിച്ചു.

മെയ് 12, 2020

മെയ് 11 -12 തിയ്യതികളിലായി ദഷ്ട് -ഇ-ബാർച്ചി ആശുപത്രിയിലെ പ്രസവവാർഡിലും , നംഗർഹാർ പ്രവിശ്യയിലെ സംസ്കാരച്ചടങ്ങിലും ലഗ്മാൻ പ്രവിശ്യയിലെ ആർമി ചെക്ക് പോസ്റ്റിലുമായി നടന്ന, സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്ന നിഷ്കളങ്കരായ ജനങ്ങളെ കൊന്നൊടുക്കിയ അതിക്രൂരമായ തീവ്രവാദി ആക്രമണത്തിൽ ഇന്ത്യ ശക്തമായി അപലപിച്ചു.
അമ്മമാർ, നവജാതശിശുക്കൾ, നഴ്സുമാർ, ദുഖാർത്തരായ കുടുംബങ്ങൾ എന്നിവർക്കെതിരെയുള്ള ഇത്തരത്തിലുള്ള നിന്ദ്യമായ ആക്രമങ്ങൾ മനുഷ്യരാശിക്കെതിരെയുള്ള ഭയാനകമായ കുറ്റകൃതങ്ങളാണ്.

മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ഞങ്ങൾ അനുശോചനം അറിയിക്കുന്നു കൂടാതെ അപകടത്തിൽ പരിക്കേറ്റവർക്ക് എത്രയും പെട്ടന്ന് സുഖപ്പെടുന്നതിനു ആശംസിക്കുകയും ചെയ്യുന്നു.

തീവ്രവാദത്തിന്റെ ഇത്തരം തുടർച്ചയായ പ്രവർത്തനങ്ങൾക്ക് യാതൊരു നയീകരണങ്ങളും നൽകാനാവില്ല.ഇത്തരം ഹീനമായ പ്രവർത്തികൾ ചെയ്യുന്നവരും അതിനു സഹായം നൽകുന്നവരും പിന്തുണയ്ക്കുന്നവരുമെല്ലാം തന്നെ നിയമത്തിനു മുന്നിൽ കൊണ്ട് വരേണ്ടതാണ്. പ്രവിശ്യയിൽ ദശാബ്ദങ്ങളായി തീവ്രവാദത്തിനു പ്രേരിപ്പിക്കുകയും അറിയപ്പെടുന്നതിലും അധിക ആളുകൾക്ക് തീരാത്ത നഷ്ടങ്ങൾ വരുത്തിവയ്ക്കുകയും ചെയ്ത് സുരക്ഷാ താവളങ്ങളും സങ്കേതങ്ങളും ഉപേക്ഷിക്കാൻ അവർ നിര്ബാന്ധിതരാകണം.
ഇന്ത്യ അഫ്ഘാനിസ്ഥാനിലെ ജനങ്ങൾക്കും ഭരണകൂടത്തിനും രാജ്യത്തു സ്ഥിരതയും സമാധാനവും കൊണ്ടുവരാൻ ശ്രമിക്കുന്ന സൈനികർക്കും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. റമദാന്റെ പുണ്യമാസം വൃതത്തിന്റെയും പ്രാർത്ഥനയുടെയും അവയുടെ പ്രതിഫലനത്തിന്റെയും മാസമാണ്. തീവ്രവാദ വിപാവങ്ങൾക്ക് തടയിടുന്നതിനും കൊറോണവാറസിന്റെ പശ്ചാത്തലത്തിൽ മാനുഷികമായ സാഹചര്യങ്ങളോട് സഹകരിക്കുന്നതിനും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

**ന്യൂ ഡൽഹി**
**12 മെയ്, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.